ഉത്തരം

(എ) ഉണ്ട്.

(ബി) രണ്ട് പ്രാവശ്യം.

(സി) ഉണ്ട്.

(ഡി & ഇ) ഈ തസ്തികയിൽ താല്ക്കാലികമായി ജോലി ചെയ്യുന്ന ആരും സമർപ്പിച്ച നിവേദനങ്ങളും തള്ളിക്കളഞ്ഞതല്ല. പ്രസ്തുത വ്യക്തിക്ക് ഈ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത ഇല്ലെന്നുള്ള കാരണത്താലാണ്.

രോഗിയോട് അപമര്യാദയായി പെരുമാറിയതായി പരാതി

1335 [2153] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. പി. കെ. ആണ്ടവൻ മാസ്റ്റർ (വടക്കശ്ശേരി) യുടെ മകനെ അംബുജാക്ഷിയോട് ആലത്തൂർ ആശുപത്രി ഡോക്ടർ ക്രൂരമായും അപമര്യാദയായും പെരുമാറിയത് ഗവൺമെൻറിന്റെ ശ്രദ്ധയിൽ വന്നുവോ;

(ബി) ഡി. എം. ഒ.-യ്ക്ക് നേരിൽ നൽകിയ പരാതിയുടെ അന്വേഷണ തീരുമാനം എന്തായി?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) അന്വേഷണത്തിന്റെ ഫലമായി ഡി. എം. ഒ. മെഡിക്കൽ ഓഫീസർക്ക് താക്കീത് നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിലെ കാർട്ടേഴ്സുകൾ

1336 [2154] ശ്രീ. സി. എം. സുന്ദരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഓരോന്നിലും എ, ബി, സി, ഡി എന്നീ ഓരോ വിഭാഗത്തിലും ഉള്ള കാർട്ടേഴ്സുകൾ എത്ര;

(ബി) എല്ലാവർഷവും പ്രസ്തുത കാർട്ടേഴ്സുകളിൽ അറ്റകുറ്റപ്പണികൾ നടത്താറുണ്ടോ;

(സി) ചില വർഷങ്ങളിൽ സി, ഡി എന്നീ വിഭാഗം കാർട്ടേഴ്സുകളെ അറ്റകുറ്റപ്പണികൾ നടത്തുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായി ഗവൺമെൻറിന് അറിവുണ്ടോ ഇല്ലെങ്കിൽ അന്വേഷിച്ച് വിവരം നൽകുമോ;

(ഡി) 1969 ജനുവരി മുതൽ 1978 ഡിസംബർ അവസാനംവരെയുള്ള ഓരോ വർഷവും അറ്റകുറ്റപ്പണികൾ തീർത്ത വകയിൽ ഓരോ വിഭാഗം കാർട്ടേഴ്സിനുവേണ്ടിയും ചെലവാക്കിയ തുക എത്ര? ഓരോ വർഷവും ലാപ്സാക്കിയ തുകയെത്ര;

(ഇ) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ അനാസ്ഥ കാരണം ജോലികൾ യഥാസമയം ചെയ്യിപ്പിക്കാൻ കഴിയാതെവരുന്നുണ്ടെന്ന വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അന്വേഷിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly